**No. CEE/4383/2014/KEAM-2015/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# <u>വിജ്ഞാപനം</u>

## <u>2015-ലെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള</u>

## <u>മൂന്നാം ഘട്ട അലോട്ട്മെന്റ്</u>
## <u>ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്</u>

2015-ലെ മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള മൂന്നാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് നടപടിക്രമങ്ങൾ **05.09.2015 (ശനിയാഴ്ച)** ന് ആരംഭിക്കുന്നതാണ്. മെഡിക്കൽ/അനുബന്ധ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ മൂന്നാം ഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഓപ്ഷൻ പുന:ക്രമീകരണം, റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജ്/കോഴ്സ് എന്നിവയിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **05.09.2015** മുതൽ **08.09.2015, 3 pm** വരെ ലഭ്യമാകുന്നതാണ്. **08.09.2015, 3 pm** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **09.09.2015** ന് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. മൂന്നാം ഘട്ട അലോട്ടുമെന്റ് പ്രകാരം അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ടുമെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **10.09.2015** മുതൽ **15.09.2015** വരെയുള്ള തീയതികളിലൊന്നിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിൽ ഒടുക്കേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/ കോളേജിൽ **15.09.2015 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്.

വിദ്യാർത്ഥികൾക്ക് സൗജന്യമായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിന് ഇന്റർനെറ്റ് സൗകര്യമുള്ള **ഓപ്ഷൻ ഫെസിലിറ്റേഷൻ സെന്ററുകളും (OFC) ഹെൽപ്പ് ഡസ്കുകളും (HD)** സംസ്ഥാനത്തുടനീളം ഇക്കാലയളവിൽ പ്രവർത്തിക്കുന്നതാണ്. ഇവയുടെ വിശദമായ ലിസ്റ്റ് **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.

<u>**മേൽപറഞ്ഞ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള മൂന്നാം ഘട്ട അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല**</u>. ഇവരുടെ മെഡിക്കൽ/അനുബന്ധ കോഴ്സുകളിലുള്ള ഹയർ ഓപ്ഷനുകൾ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ നിലവിലുള്ള അലോട്ട്മെന്റ് നിലനിൽക്കുന്നതായിരിക്കും.

<u>**അലോട്ട്മെന്റ് ഷെഡ്യൂൾ താഴെ ചേർക്കുന്നു**</u>

| | |
|---|---|
| 05.09.2015 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്കും/കോഴ്സുകളിലേയ്ക്കും ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 08.09.2015 (3 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **09.09.2015** | **അലോട്ടുമെന്റ് പ്രസിദ്ധീകരണം** |
| 10.09.2015 to 15.09.2015 | അലോട്ടുമെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ നിശ്ചിത ശാഖകളിൽ ഫീസ്/ ബാക്കി തുക ഒടുക്കണം. കൂടാതെ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| 15.09.2015, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. |

പ്രസ്തുത അലോട്ട്മെന്റിനെ തുടർന്ന് അലോട്ട്മെന്റുകൾ ഉണ്ടെങ്കിൽ അവ യഥാസമയം വിജ്ഞാപനത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

ഈ ഘട്ടത്തിൽ താഴെക്കൊടുത്തിട്ടുള്ള മെഡിക്കൽ/ഡന്റൽ/ആയുർവേദ കോളേജുകളിലേയ്ക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ഓൺലൈനായി ഓപ്ഷനുകൾ സമർപ്പിക്കാവുന്നതാണ്.

| ക്രമ. നം. | കോളേജ് കോഡ് | കോളേജുകൾ |
|---|---|---|
| **സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജ്** | | |
| 1 | **KNM** | Academy of Medical Sciences, Pariyaram, Kannur |
| **സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | | |
| 1 | **SMC** | Dr. Somervell Memorial CSI Medical College, Karakonam, Thiruvananthapuram |
| 2 | **SIM** | Sree Narayana Institute of Medical Sciences, Chalakka, Ernakulam. |
| 3 | **SUC** | SUT Accademy of Medical Sciences , Vattappara, Thiruvananthapuram. |
| **സർക്കാർ ഡെന്റൽ കോളേജ്** | | |
| 1 | **ALD** | Government Dental College, Alappuzha. |
| **സർക്കാർ നിയന്ത്രിത സ്വാശ്രയ ഡെന്റൽ കോളേജ്** | | |
| 1 | **KND** | Pariyaram Dental College, Pariyaram, Kannur |
| **സ്വകാര്യ സ്വാശ്രയ ഡെന്റൽ കോളേജുകൾ** | | |
| 1 | **ADC** | Annoor Dental College, Puthuppady P O, Muvattupuzha, Ernakulam |
| 2 | **AAD** | Al-Azhar Dental College, Perumpillichira P O,Thodupuzha, Idukki |
| 3 | **AZD** | Azeezia College of Dental Sciences & Research, Meeyyannoor, Kollam |
| 4 | **EID** | Educare Institute of Dental Science, Kiliyamannil Campus, Chattiparamba, Malappuram |
| 5 | **IGD** | Indira Gandhi Institute of Dental Sciences, Nellikuzhy P O, Kothamangalam, Ernakulam |
| 6 | **MLD** | Malabar Dental College, Mudur P O,Edappal, Malappuram. |
| 7 | **MBD** | Mar Baselios Dental College, Kothamangalam, Ernakulam |
| 8 | **NID** | Noorul Islam College of Dental Science, Neyyattinkara, Thiruvananthapuram. |
| 9 | **PSD** | PSM College of Dental Sciences, Thrissur. |
| 10 | **RDC** | Royal Dental College, Iron Hills, Chalissery P O, Palakkad |
| 11 | **AID** | Sree Anjaneya Institue of Dental Scinces, Modakkallur, Atholi, Kozhikode. |
| 12 | **SVD** | Sri. Sankara Dental College, Akathumuri, Varkala |
| 13 | **SGD** | St. Gregorios Dental College, Chelad P O, Kothamangalam, Ernakulam |
| 14 | **MED** | MES Dental College, Perinthalmanna, Malappuram. |
| 15 | **CDC** | Century International Institute for Dental Sciences & Research Centre, Poinachi, Kasaragod |
| **കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജ്** | | |
| 1 | **PMD** | Pushpagiri College of Dental Science, Thiruvalla |
| **സർക്കാർ/എയ്ഡഡ് ആയുർവേദ കോളേജുകൾ** | | |
| 1 | **KNA** | Ayurveda College, Pariyaram, Kannur |
| 2 | **TVA** | Ayurveda College,Thiruvananthapuram |
| 3 | **TPA** | Ayurveda College,Tripunithura, Ernakulam |
| 4 | **KTL** | VPSV Ayurveda College, Edarikode P O, Kottakkal, Malappuram |
| 5 | **OLR** | Ayurveda College, Ollur, Thrissur |

**<u>ഫീസ് നിരക്ക്:</u>**

| **എം ബി ബി എസ്** | | | |
|---|---|---|---|
| **സർക്കാർ നിയന്ത്രിത സ്വാശ്രയ മെഡിക്കൽ കോളേജ്** Academy of Medical Sciences, Pariyaram, Kannur | **50%** സർക്കാർ സീറ്റ് | | |
| | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (10 സീറ്റ്) * 25,000/- രൂപ | എസ്.ഇ.ബി.സി (13 സീറ്റ്) * 45,000/- രൂപ | മറ്റുള്ളവർ **1,50,000/– രൂപ** |
| **സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ** | ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (14% സീറ്റ്) * 25,000/- രൂപ | എസ്.ഇ.ബി.സി (26% സീറ്റ്) * 25,000/- രൂപ | മറ്റുള്ളവർ **1,85,000/– രൂപ** |
| **ബി ഡി എസ്** | | | |
| **സർക്കാർ ഡെന്റൽ കോളേജ്** | 23,000/- രൂപ | | |

<table>
<tr><td rowspan="2">സർക്കാർ നിയന്ത്രിത സ്വാശ്രയ ഡെന്റൽ കോളേജ്<br>Pariyaram Dental College, Pariyaram, Kannur</td><td colspan="3">50% സർക്കാർ സീറ്റ്</td></tr>
<tr><td>ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (6 സീറ്റ്)<br>* 23,000/- രൂപ</td><td>എസ്.ഇ.ബി.സി (8 സീറ്റ്)<br>* 44,000/- രൂപ</td><td>മറ്റുള്ളവർ<br>1,20,000/– രൂപ</td></tr>
<tr><td>1. ഓൾ കേരള സെൽഫ് ഫിനാൻസിംഗ് ഡെന്റൽ കോളേജ് മാനേജ്മെന്റ് കൺസോർഷ്യത്തിന് കീഴിൽ വരുന്ന ഡെന്റൽ കോളേജുകൾ (13 കോളേജുകൾ)<br>2. MES Dental College, Perinthalmanna, Malappuram.<br>3. Century International Institute for Dental Sciences & Research Centre, Poinachi, Kasaragod</td><td>ബി.പി.എൽ / താഴ്ന്ന വരുമാനക്കാർ (14% സീറ്റ്)<br>* 23,000/- രൂപ</td><td>എസ്.ഇ.ബി.സി (26% സീറ്റ്)<br>* 44,000/- രൂപ</td><td>മറ്റുള്ളവർ<br>1,75,000/– രൂപ</td></tr>
<tr><td>കേരള ക്രിസ്ത്യൻ പ്രൊഫഷണൽ കോളേജ് മാനേജ്മെന്റ് ഫെഡറേഷനു കീഴിൽ വരുന്ന സ്വകാര്യ സ്വാശ്രയ ഡന്റൽ കോളേജ്<br>Pushpagiri College of Dental Science, Thiruvalla</td><td>50% സർക്കാർ സീറ്റുകൾ<br>3,00,000/- രൂപ</td><td colspan="2">സ്കോളർഷിപ്പ്<br>50 ബി.ഡി.എസ് വിദ്യാർത്ഥികളുടെ ഓരോ ബാച്ചിനും 14 ലക്ഷം രൂപ വീതം സ്കോളർഷിപ്പ് ഇനത്തിൽ മാനേജ്മെന്റുകൾ മാറ്റിവയ്ക്കുകയും പ്രവേശന നടപടികൾ അവസാനിച്ച ശേഷം പ്രസ്തുത തുക സർക്കാർ ഉത്തരവിന് വിധേയമായി വിതരണം ചെയ്യുന്നതുമായിരിക്കും.</td></tr>
<tr><td colspan="4">ആയുർവേദ (ബി എ എം എസ്)</td></tr>
<tr><td>സർക്കാർ/എയ്ഡഡ് ആയുർവേദ കോളേജുകൾ</td><td colspan="3">Rs.12,000/-</td></tr>
</table>

*ഈ ആനുകൂല്യങ്ങൾ വിദ്യാർത്ഥികൾക്ക് ലഭ്യമാകുന്നത് കോളേജുകളിലേക്കുള്ള അലോട്ട്മെന്റ് പൂർത്തിയായതിന് ശേഷമായിരിക്കും. ആയതിനാൽ അലോട്ട്മെന്റ് സമയത്ത് വിദ്യാർത്ഥികൾ സർക്കാർ നിശ്ചയിച്ച വാർഷിക മെറിറ്റ് ഫീസ് ഒടുക്കേണ്ടതാണ്. ഫീസ് ഇളവ് ലഭിക്കുന്ന വിദ്യാർത്ഥികൾക്ക് ബാക്കി തുക മടക്കി നൽകുന്നതാണ്.

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം. (എം.എസ്.)25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും താഴെപ്പറയുന്ന നിരക്കിലുള്ള തുക അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

1.എം.ബി.ബി.എസ്/ബി.ഡി.എസ് : **Rs. 1,000/-**

2. മറ്റ് കോഴ്സുകൾ : **Rs. 100/-**

ഗവണ്മെന്റും സ്വാശ്രയ മാനേജ്മെന്റുകളും തമ്മിലുള്ള കരാറിന്റെ അടിസ്ഥാനത്തിൽ നിശ്ചയിച്ചിട്ടുള്ള ഫീസ് ഘടന ബഹുമാനപ്പെട്ട കോടതിയോ മറ്റ് അധികാരപ്പെട്ട സ്ഥാപനങ്ങളോ അംഗീകരിക്കാത്ത പക്ഷം ഫീ റഗുലേറ്ററി കമ്മിറ്റി നിശ്ചയിക്കുന്ന ഫീസ് എല്ലാ വിദ്യാർത്ഥികളും അടയ്ക്കാൻ ബാധ്യസ്ഥരാണ്.

കേന്ദ്ര റഗുലേറ്ററി അതോറിറ്റിയുടെ അംഗീകാരവും യൂണിവേഴ്സിറ്റിയുടെ അഫിലിയേഷനുമുള്ള കോളേജുകളിലേക്ക് മാത്രമേ പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ടുമെന്റ് നടത്തുകയുള്ളൂ.

കുറിപ്പ്: **സർക്കാർ/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4 അല്ലെങ്കിൽ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ.**

**കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 252/2014/H.Edn. Dated: 07.06.2014 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**

**മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No. 372/2015/H.Edn. Dated: 03.07.2015, GO(Ms) No.378/2015/H.Edn. Dated: 03.07.2015 എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**

അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും **www.cee-kerala.org** എന്ന വെബ് സൈറ്റിൽ ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം

**04.09..2015**

**പ്രവേശന പരീക്ഷാ കമ്മീഷണർ**